# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2975 07/12/2018-ൽ മറുപടിയ്ക്ക്

## കൈവല്യ വായ്പ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.കെ. വിജയൻ: | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

(എ) ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ പദ്ധതിക്ക് കൈവല്യ വായ്പ ലഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപ വരെ വായ്പയായി ലഭിക്കും എന്നറിയിക്കാമോ?

(എ) യും (ബി) യും ഭിന്നശേഷിക്കാർക്ക് 'കൈവല്യ' പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നൽകുന്ന പലിശരഹിത വായ്പക്ക്, 21-നും 55-നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ് മെന്റ് എക്സ് ചേഞ്ചിൽ രജിസ് ട്രേഷൻ നിലവിലുള്ള ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാം.

എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ ഫോറം സൗജന്യമായി ലഭിക്കുന്നതാണ്. കൂടാതെ എംപ്ലോയ്മെന്റ് വകുപ്പിന്റെ വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതുമാണ്. ബന്ധപ്പെട്ട എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി ഏതു ദിവസവും അപേക്ഷ നൽകാവുന്നതാണ്. അപേക്ഷ തയ്യാറാക്കുന്നത് മുതൽ പരിശീലനം, അടിസ്ഥാന സൗകര്യമൊരുക്കൽ, സംരംഭത്തിന്റെ നടത്തിപ്പ് തുടങ്ങി എല്ലാ മേഖലകളിലും എംപ്ലോയ് മെന്റ് വകുപ്പിന്റെ ഉദ്യോഗസ്ഥരുടെ മേൽനോട്ടവും പിന്തുണയും സഹായവും ഉണ്ടാകുന്നതാണ്.

എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് അപേക്ഷകർ അനുയോജ്യരാണോ എന്ന് പരിശോധിച്ച് അംഗീകാരം നൽകുന്നത് ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല സമിതിയാണ്.

അപേക്ഷകൾ ബന്ധപ്പെട്ട എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലെ രേഖകളുമായി ഒത്തുനോക്കി പരിശോധന നടത്തി, അർഹതയുള്ള അപേക്ഷകൾ ജില്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച്/ ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് അയച്ചുകൊടുക്കുന്നു. അപേക്ഷ, പ്രോജക്റ്റ് എന്നിവ തയ്യാറാക്കുന്നതിന് എംപ്ലോയ് മെന്റ് വകുപ്പ് തല ഉദ്യോഗസ്ഥർ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. കുറഞ്ഞത് 5 അപേക്ഷകൾ ലഭിച്ചുകഴിഞ്ഞാൽ ജില്ലാ സമിതികൂടി അഭിമുഖം നടത്തി അംഗീകാരം നൽകുന്നതാണ്.

ഈ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. ആവശ്യപ്പെടുന്ന പക്ഷം 1 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്. വായ്പാ തുകയുടെ 50 ശതമാനം പരമാവധി 25,000/- (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ